## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5272 01.07.2014-ൽ മറുപടിയ്ക്ക്

## പുതിയ സപ്ളൈകോഡിലെ നിയന്ത്രണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി.യുടെ കമ്പനി വത്ക്കരണത്തെത്തുടർന്ന് ഉപഭോക്താക്കൾക്കും, ജീവനക്കാർക്കും, പട്ടികജാതി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങൾക്കും നാളിതുവരെ ലഭ്യമായിരുന്ന ഒട്ടനവധി ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) നിലവിലുള്ള സപ്ളൈകോഡിൽ പുതുതായി വൈദ്യുതി കണക്ഷൻ എടുക്കുന്നവർക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത്തരം നിയന്ത്രണങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) കേരള വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 -ൽ SC/ST,BPL വിഭാഗങ്ങൾക്ക് ലഭിച്ചിരുന്ന സൗജന്യ വൈദ്യുതി കണക്ഷനുകൾ തുടർന്ന് നൽകുന്നതിന് ചില വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്ത് മേൽ സൗജന്യ കണക്ഷനുകൾ ഗവൺമെന്റ് സബ്സിഡി പ്രതീക്ഷിച്ചു കൊണ്ട് തുടർന്നും തടസ്സം കൂടാതെ നൽകുന്നതിന് ബോർഡ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. |
| (സി) സർവ്വീസ് കാലയളവിൽ തങ്ങളുടെ വീട്ടിൽ ഒരു തവണ സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വൈദ്യുതി ജീവനക്കാർക്ക് ലഭ്യമായിരുന്ന ആനുകൂല്യം പുതിയ സപ്ളൈകോഡ് നടപ്പിലാക്കിയശേഷം നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) & (ഡി) 2005 ൽ നിലവിൽ വന്ന സപ്ലൈ കോഡിൽ വൈദ്യുതി ജീവനക്കാർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നില്ല. ഇത് കണക്കിലെടുത്ത് 15.10.2007 ലെ ബോർഡ് ഉത്തരവിലൂടെ പ്രസ്തുത സൗജന്യം തുടരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത സൗജന്യം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.